# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *103 — 12-03-2015 -ൽ മറുപടിക്ക്

## ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ ലോക ബാങ്ക് പ്രതിനിധികൾ നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം 19.09.2014-ന് കൂടുകയും പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ (Project Implementation Unit -PIU) ഘടനയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. PIU-വിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ രണ്ടാം ഘടകമായ (Component - B) വിവിധോദ്ദേശ്യ സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പാരിസ്ഥിതിക പഠനവും പുനരധിവാസ കേന്ദ്രത്തിന്റെ ആവശ്യകത സംബന്ധിച്ച പഠനവും നടത്തി വരുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്. അവ ഏതെല്ലാം പ്രദേശങ്ങളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (സി) | പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സമീപത്തെ സർക്കാർ സ്കൂളുകളാണ് അഭയ കേന്ദ്രങ്ങളായി മാറുന്നത് എന്ന വസ്തുത കണക്കിലെടുത്ത് അത്തരം സ്കൂളുകളോട നുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കാറുള്ള സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ